| 14–11–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, മനുഷ്യരെ ദേവതയാക്കി മാറ്റാനുള്ള സേവനത്തിൽ തീർച്ചയായും വിഘ്നങ്ങളുണ്ടാകും. നിങ്ങൾക്ക് ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടും ഈ സേവനത്തിൽ തൽപ്പരരായിരിക്കണം, ദയാമനസ്കരായി മാറണം.**

**ചോദ്യം** – ആർക്കാണോ അന്തിമജന്മത്തിന്റെ സ്മൃതി ഉണ്ടായിരിക്കുന്നത്, അവരുടെ ലക്ഷണം എന്തായിരിക്കും?

**ഉത്തരം** – അവരുടെ ബുദ്ധിയിലുണ്ടായിരിക്കും, ഇപ്പോൾ ഈ ലോകത്തിൽ മറ്റൊരു ജന്മം ഞങ്ങൾക്ക് എടുക്കേണ്ടതില്ല, മറ്റൊരു ജന്മം കൊടുക്കുകയും വേണ്ട. ഇത് പാപാത്മാക്കളുടെ ലോകമാണ്, ഇത് ഇനി വീണ്ടും വർദ്ധിപ്പിക്കേണ്ടതില്ല. ഈ ലോകത്തിന് വിനാശമുണ്ടാകണം. പഴയ വസ്ത്രത്തെ ഉപേക്ഷിച്ച് വീട്ടിലേക്ക് തിരിച്ചുപോകണം. ഇപ്പോൾ നാടകം അവസാനിക്കുകയാണ്.

**ഗീതം** – പുതിയ യുഗത്തിലെ പൂമൊട്ടുകൾ..

**ഓം ശാന്തി** – ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് നിങ്ങൾ കുട്ടികൾക്ക് ഓരോരുത്തരുടെ ജ്യോതിയേയും പ്രകാശിപ്പിക്കണം. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം ബാബക്ക് പരിധിയില്ലാത്ത ചിന്തയാണ് ഏതെല്ലാം മനുഷ്യരുണ്ടോ, അവർക്ക് എങ്ങനെ മുക്തിക്കുള്ള വഴി പറഞ്ഞുകൊടുക്കണം. ബാബ വന്നിരിക്കുന്നത് കുട്ടികളുടെ സർവ്വീസ് ചെയ്യാനാണ്, ദു:ഖത്തിൽനിന്ന് മോചിപ്പിക്കാനാണ്. മനുഷ്യർ മനസ്സിലാക്കുന്നതേയില്ല ഇത് ദു:ഖത്തിന്റെ ലോകമാണെന്നും സുഖത്തിന് വേറെ സ്ഥലമുണ്ടെന്നും, ഇതറിയുന്നില്ല. ശാസ്ത്രങ്ങളിൽ സുഖത്തിന്റെ സ്ഥാനത്തെത്തന്നെ ദു:ഖത്തിന്റെ സ്ഥാനവുമാക്കി മാറ്റിയിരിക്കുന്നു. ഇപ്പോൾ ബാബയാണ് ദയാസാഗരൻ. മനുഷ്യർക്ക് ഇതുപോലും അറിയുന്നില്ല ഞങ്ങൾ ദുഖിയാണ് കാരണം സുഖത്തിന്റേയോ സുഖം നൽകുന്ന ആളെക്കുറിച്ചോ അറിയുന്നില്ല. ഇതും ഡ്രാമയിൽ നിശ്ചയിക്കപ്പെട്ടതാണ്. സുഖം എന്നത് എന്തിനെ പറയുന്നു ദു:ഖം എന്നത് എന്താണ് – ഇതും അറിയുന്നില്ല. ഈശ്വരനെ പറയുന്നു സുഖവും ദു:ഖവും നൽകുന്നു എന്ന്. എന്നുവെച്ചാൽ ബാബയിൽ കളങ്കം ചാർത്തുന്നു. ആരെയാണോ പിതാവെന്ന് പറയുന്നത്, ആ ആളെ അറിയുന്നില്ല. ബാബ പറയുകയാണ് ഞാനാണ് കുട്ടികൾക്ക് സുഖം നൽകുന്നത്. നിങ്ങൾ ഇപ്പോൾ അറിഞ്ഞു, ബാബ വന്നിരിക്കുകയാണ് പതീതരെ പാവനമാക്കി മാറ്റാൻ. ഞാൻ എല്ലാവരേയും മധുരമായ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകും. ആ മധുരമായ വീടും പവിത്രമാണ്. അവിടെ പതീതമായ ആത്മാക്കൾ ഇരിക്കുന്നില്ല. ആ സ്ഥാനത്തെ ആരും അറിയുന്നില്ല. നിർവ്വാണത്തിൽ പോയി എന്നൊക്കെ പറയും പക്ഷേ അറിയുന്നില്ല. ബുദ്ധൻ നിർവ്വാണം പ്രാപിച്ചു എങ്കിൽ തീർച്ചയായും അവിടെ വസിച്ചിട്ടുണ്ടായിരുന്നു. അവിടേക്കുതന്നെ പോയി. ശരി, പോയി എങ്കിൽ ബാക്കിയുള്ളവർ എങ്ങനെ പോകും? കൂടെ ആരെയും കൊണ്ടുപോയിട്ടില്ല. വാസ്തവത്തിൽ ബുദ്ധനും പോയിട്ടില്ല. അതുകൊണ്ടാണ് എല്ലാവരും പതീതപാവനനെ ഓർമ്മിക്കുന്നത്. പാവനമായ ലോകം രണ്ടാണുള്ളത്, ഒന്ന് മുക്തിധാമം, മറ്റൊന്ന് ജീവന്മുക്തിധാമം. ശിവപുരി, വിഷ്ണുപുരി. പരംപിതാ പരമാത്മാവിനെ രാമൻ എന്ന് പറയുന്നു. രാമരാജ്യം എന്ന് പറയാറുണ്ടല്ലോ, അപ്പോൾ ബുദ്ധി പരമാത്മാവിലേക്കു പോകും. മനുഷ്യരെല്ലാവരും പരമാത്മാവിനെ അംഗീകരിക്കുന്നില്ല. നിങ്ങൾക്ക് ദയ തോന്നണം. ബുദ്ധിമുട്ട് സഹിക്കേണ്ടതായിവരും.

ബാബ പറയുന്നു മധുരമായ കുട്ടികളെ, മനുഷ്യരെ ദേവതയാക്കി മാറ്റുന്നതിൽ ഈ ജ്ഞാനയജ്ഞത്തിൽ വളരെ വിഘ്നങ്ങളുണ്ടാകും. ഗീതയുടെ ഭഗവാനും ഗ്ലാനി അനുഭവിച്ചല്ലോ. ഗ്ലാനി ബാബക്കും ലഭിക്കുന്നുണ്ട് നിങ്ങൾക്കും ലഭിക്കുന്നുണ്ട്. പറയാറില്ലേ? നാലാം അമാവാസി കണ്ടു. ഇതെല്ലാം കെട്ടുകഥകളാണ്. ലോകമെത്ര മോശമാണ്. മനുഷ്യരെന്തെല്ലാം ഭക്ഷിക്കുന്നു. മൃഗങ്ങളെ കൊല്ലുന്നു, എന്തൊക്കെയാണ് ചെയ്യുന്നത്. ബാബ വന്ന് എല്ലാ കാര്യങ്ങളിൽനിന്നും മോചിപ്പിക്കുകയാണ്. ലോകത്തിലെ കലാപങ്ങൾ എത്രയാണ്. ബാബ നിങ്ങൾക്ക് എല്ലാം സഹജമാക്കിത്തന്നു. ബാബ പറയുകയാണ് കേവലം എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ എല്ലാ വികർമ്മങ്ങളും വിനാശമാകും. എല്ലാവർക്കും ഒരു കാര്യം മനസ്സിലാക്കിക്കൊടുക്കൂ. ബാബ പറയുകയാണ് ശാന്തിധാമത്തിനേയും സുഖധാമത്തിനേയും ഓർമ്മിക്കൂ. നിങ്ങൾ അവിടെ വസിച്ചിരുന്നവരാണ്. സന്യാസിമാർ പോലും അവിടേക്കുള്ള വഴി പറഞ്ഞുകൊടുക്കുന്നു. അഥവാ ഒരാൾ നിർവ്വാണധാമത്തിലേക്ക് പോയി എങ്കിൽ മറ്റുള്ളവരെ എങ്ങനെ കൊണ്ടുപോകും? അവരെ ആരാണ് കൊണ്ടുപോവുക. മനസ്സിലാക്കൂ ബുദ്ധൻ നിർവ്വാണധാമത്തിലേക്ക് പോയി. അവരുടെ ധർമ്മത്തിലുള്ളവർ ഇവിടെത്തന്നെ ഇരിക്കുകയല്ലേ? അവരേയും കൊണ്ടുപോകേണ്ടതല്ലേ? ബാബ പറയുന്നു ആരെല്ലാം

സന്ദേശവാഹകരുണ്ടോ എല്ലാവരുടേയും ആത്മാവ് ഇവിടെത്തന്നെയുണ്ട്, ഏതെങ്കിലുമേതെങ്കിലും ശരീരത്തിൽ ഉണ്ടാകും, എന്നിട്ടും അവരുടെ മഹിമ ഇന്നും പാടിക്കൊണ്ടിരിക്കുന്നു. ശരി, ധർമ്മം സ്ഥാപിച്ചു. പിന്നെന്തു സംഭവിച്ചു? മുക്തിയിലേക്ക് പോകുന്നതിനുവേണ്ടി മനുഷ്യർ എത്ര പരിശ്രമിക്കുന്നു. ബാബ ഒരിക്കലും ജപതപങ്ങളൊന്നും പഠിപ്പിക്കുന്നില്ല. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നത് എല്ലാവർക്കും ഗതിയും സത്ഗതിയും നൽകാനാണ്. എല്ലാവരേയും കൂട്ടിക്കൊണ്ടുപോകുന്നു. സത്യയുഗത്തിൽ ജീവന്മുക്തിയാണ്. ഒരു ധർമ്മമാണ്, ബാക്കി എല്ലാവരും പരംധാമത്തിലായിരിക്കും. നിങ്ങൾക്കറിയാം ആ ബാബ തോട്ടം ഉടമസ്ഥനാണ്, നാം തോട്ടം സൂക്ഷിപ്പുകാരാണ്. മമ്മയും ബാബയും എല്ലാ കുട്ടികളും സൂക്ഷിപ്പുകാരായി ബീജം വിതച്ചുകൊണ്ടിരിക്കുകയാണ്. തൈ മുളക്കുന്നുണ്ട്, പിന്നെ മായയുടെ കൊടുങ്കാറ്റിൽ പെടുന്നുമുണ്ട്. അനേകപ്രകാരത്തിലുള്ള കൊടുങ്കാറ്റുണ്ടാകും. ഇതാണ് മായയുടെ വിഘ്നം. കൊടുങ്കാറ്റടിക്കുമ്പോൾ ബാബയോടു ചോദിക്കണം – ബാബാ ഇതിനുവേണ്ടി എന്താണ് ചെയ്യേണ്ടത്? ശ്രീമത്ത് നൽകുന്നത് ബാബയാണ്. കൊടുങ്കാറ്റടിക്കും. നമ്പർ 1 ദേഹാഭിമാനമാണ്. ഇത് മനസ്സിലാക്കുന്നില്ല ഞാൻ ആത്മാവ് അവിനാശിയാണ്, ഈ ശരീരം വിനാശിയാണ്. നമ്മൾ 84 ജന്മം പൂർത്തിയാക്കി. ആത്മാവാണ് പുനർജ്ജന്മം എടുക്കുന്നത്. ശരീരം ഉപേക്ഷിക്കുക, വീണ്ടും സ്വീകരിക്കുക ഇത് ആത്മാവിന്റെ ജോലിയാണ്. ഇപ്പോൾ ബാബ പറയുകയാണ് – നിങ്ങളുടേത് അന്തിമജന്മമാണ്. ഈ ലോകത്തിൽ മറ്റൊരു ജന്മം എടുക്കേണ്ട, കൊടുക്കുകയും വേണ്ട. എല്ലാവരും ചോദിക്കും എങ്കിൽ സൃഷ്ടിയുടെ വർദ്ധനവ് എങ്ങിനെയുണ്ടാകും? ഈ സമയം സൃഷ്ടി വർദ്ധിക്കേണ്ട. ഇത് ഭ്രഷ്ടാചാരത്തിന്റെ വർദ്ധനവാണ്. ഈ സമ്പ്രദായം രാവണനിൽനിന്ന് ആരംഭിച്ചതാണ്. ലോകത്തെ ഭ്രഷ്ടാചാരിയാക്കി മാറ്റിയത് രാവണനാണ്. ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നത് രാമനാണ്. ഇവിടെ നിങ്ങൾക്ക് എത്ര പരിശ്രമിക്കേണ്ടിവരുന്നു. ഇടക്ക് ദേഹാഭിമാനത്തിലേക്ക് വരുന്നു. സത്യയുഗത്തിൽ ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. അവിടെയുള്ളവർക്കറിയാം ഈ ശരീരം വൃദ്ധനായി, ഇതിനെ ഉപേക്ഷിച്ച് പുതിയതെടുക്കണം. കലിയുഗത്തിലുള്ളവർക്ക് ആത്മജ്ഞാനമേയില്ല. സ്വയം ദേഹമാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. ഈ ലോകത്തിൽനിന്ന് പോകാൻ ദുഖിയായ മനസ്സുള്ളവർക്കേ തോന്നൂ. സത്യയുഗത്തിൽ സുഖത്തോട് സുഖമാണ്. ആത്മജ്ഞാനം അവിടെ ഉണ്ട് . ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ശരീരം എടുക്കുന്നു. ഇതിൽ ദുഖിക്കുന്നില്ല. അവിടെ സുഖത്തിന്റെ പ്രാലബ്ധമാണ്. ഇവിടെയും ആത്മാവെന്ന് പറയും പക്ഷെ ചിലർ പറയും ആത്മാവു തന്നെയാണ് പരമാത്മാവെന്ന്. ആത്മാവാണ്, ഇത് ജ്ഞാനമാണല്ലോ. പക്ഷേ ഇതറിയുന്നില്ല ഈ പാർട്ടിൽനിന്നും തിരിച്ചുപോകാൻ സാധിക്കില്ല എന്ന്. ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊരു ശരീരം തീർച്ചയായും എടുക്കണം. എല്ലാവരും പുനർജ്ജന്മം അംഗീകരിക്കും. എല്ലാവർക്കും കർമ്മബന്ധനമുണ്ടല്ലോ. മായാരാജ്യത്തിൽ കർമ്മം വികർമ്മമായി മാറുന്നു. കർമ്മം ബന്ധിക്കുന്നു. സത്യയുഗത്തിൽ കർമ്മം ബന്ധിക്കുന്നില്ല.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കണം തിരിച്ചുപോകണം. വിനാശമുണ്ടാകും ബോംബിന്റേയെല്ലാം റിഹേഴ്സൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ക്രോധത്തിൽ വന്ന് ബോംബു സ്ഫോടനം നടത്തും. ഇത് പവർഫുൾ ബോംബാണ്. പറയാറില്ലേ യൂറോപ്യൻമാർ യാദവരെന്ന്. ഫലത്തിൽ ഇന്ന് എല്ലാ ധർമ്മത്തിലുള്ളവരെയും നാം യൂറോപ്യൻസ് എന്ന് പറയും. ഭാരതം ഒരു ഭാഗത്ത് ബാക്കിയെല്ലാവരും ഒരുമിച്ച്. അവരവരുടെ രാജ്യത്തിനോട് സ്നേഹം ഉണ്ടാകുമല്ലോ. പക്ഷേ വിധി ഇങ്ങനെയാണ് എന്തുചെയ്യാൻ പറ്റും? നിങ്ങൾക്കുള്ള മുഴുവൻ ശക്തിയും ബാബ നൽകുന്നു. യോഗബലത്തിലൂടെ നിങ്ങൾ രാജ്യഭാഗ്യം എടുക്കും. നിങ്ങൾക്ക് ഒരു കഷ്ടവും നൽകുന്നില്ല. കേവലം ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ. ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. എല്ലാവരും പറയും ഞാൻ രാമനെ ഓർമ്മിക്കുന്നു, ശ്രീകൃഷ്ണനെ ഓർമ്മിക്കുന്നു, പക്ഷേ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നില്ല. ആത്മാവിനെ മനസ്സിലാക്കിക്കഴിഞ്ഞാൽ ആത്മാവിന്റെ പിതാവിനെ എന്തുകൊണ്ട് ഓർമ്മിക്കാൻ സാധിക്കുന്നില്ല? ബാബ പറയുകയാണ് എന്നെ, പരംപിതാപരമാത്മാവിനെ ഓർമ്മിക്കൂ. നിങ്ങൾ ജീവാത്മാക്കളെ എന്തിന് ഓർമ്മിക്കണം. നിങ്ങൾക്ക് ദേഹീ അഭിമാനിയായി മാറണം. ഞാൻ ആത്മാവാണ് ബാബയെ ഓർമ്മിക്കുന്നത്. ബാബ ആജ്ഞാപിക്കുകയാണ് – ഓർമ്മിക്കുന്നതിലൂടെ വികർമ്മങ്ങൾ വിനാശമാകും സമ്പത്ത് ബുദ്ധിയിലേക്ക് വരും. ബാബ, മുക്തി ജീവന്മുക്തി ഇതുരണ്ടും എല്ലായ്പ്പോഴും ഓർമ്മിക്കണം. ഇതിനുവേണ്ടിയാണ് മനുഷ്യർ പ്രയത്നിക്കുന്നത്. യജ്ഞവും ജപവും തപവും എല്ലാം ചെയ്യുന്നത് ഇതിനായിട്ടാണ്. ചിലർ പോപ്പിൽനിന്നും ആശിർവ്വാദം നേടാൻ പോകുന്നു. ഇവിടെ ബാബ കേവലം പറയുകയാണ് ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ. ഈ നാടകം അവസാനിക്കുകയാണ്, നമ്മൾ 84 ജന്മം പൂർത്തിയാക്കി, ഇപ്പോൾ തിരിച്ചുപോകണം. എത്ര സഹജമാക്കി മനസ്സിലാക്കിത്തരുന്നു. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും ബുദ്ധിയിൽ ഈ കാര്യം വെക്കൂ. എങ്ങനെയാണോ നാടകം അവസാനിക്കാറാകുമ്പോൾ അറിയാൻ കഴിയും ഇനി 15 മിനുട്ടേ ബാക്കിയുള്ളു, ഇപ്പോൾ ഈ സീൻ അവസാനിക്കും. അഭിനേതാക്കൾക്കും അറിയാം തിരശ്ശീല വീഴും തിരിച്ച് വീട്ടിലേക്ക് പോകണം. നിങ്ങളും സ്വയത്തോട് സംസാരിക്കണം. എത്ര

സമയം സുഖദു:ഖത്തിന്റെ പാർട്ട് അഭിനയിച്ചു. ഇതും അറിയാം. ഇപ്പോൾ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ, ലോകത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്, ഇതെല്ലാം മറക്കൂ – എല്ലാം അവസാനിക്കാനുള്ളതാണ്, എല്ലാവർക്കും തിരിച്ചുപോകണം. മനുഷ്യർ മനസ്സിലാക്കുന്നത് ഇനിയും കലിയുഗത്തിന് 40000 വർഷം ബാക്കിയുണ്ടെന്നാണ്. ഇതാണ് ഘോരമായ അജ്ഞാനം. ബാബയുടെ പരിചയമേ ഇല്ല. ജ്ഞാനം അർത്ഥം ബാബയുടെ പരിചയം. അജ്ഞാനം അർത്ഥം പരിചയമില്ല. അതായത് ഇരുട്ടിലാണ്. ഇപ്പോൾ നിങ്ങൾ വെളിച്ചത്തിലേക്ക് വന്നു – നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് ഇപ്പോൾ രാത്രി അവസാനിക്കുകയാണ് തിരിച്ച് വീട്ടിലേക്ക് പോകണം. ഇന്ന് ബ്രഹ്മാവിന്റെ രാത്രി, നാളെ ബ്രഹ്മാവിന്റെ പകൽ. മാറാൻ സമയമെടുക്കുമല്ലോ. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ മൃത്യുലോകത്തിലാണ്, നാളെ അമരലോകത്തിലേക്ക് പോകും. ആദ്യം വീട്ടിലേക്ക് പോകണം. ഇങ്ങനെ വീണ്ടും 84 ജന്മങ്ങൾ എടുക്കണം. ഈ ചക്രം തിരിയാതിരിക്കുന്നില്ല. ബാബ പറയുന്നു നിങ്ങൾ എത്ര പ്രാവശ്യം ഇതുപോലെ എന്നെ കണ്ടുമുട്ടിയതാണ്. കുട്ടികൾ പറയും അനേകപ്രാവശ്യം കണ്ടുമുട്ടിയെന്ന്. നിങ്ങളുടെ 84 ജന്മത്തിന്റെ ചക്രം അവസാനിച്ചു. ഇതിനെയാണ് പറയുന്നത് ജ്ഞാനം. ജ്ഞാനം നൽകുന്നത് ജ്ഞാനത്തിന്റെ സാഗരനും പരംപിതാ പരമാത്മാവും, പതീതപാവനനുമാണ്. നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും പതീതപാവനൻ എന്ന് പറയുന്നത് ആരെയാണ്? ഭഗവാൻ എന്ന് പറയുന്നത് നിരാകാരനെയാണ്. നിങ്ങൾ രഘുപതി രാഘവരാജാറാം എന്ന് എന്തുകൊണ്ട് പറയുന്നു. ആത്മാക്കളുടെ ബാബ നിരാകാരനാണ്. ഇത് മനസ്സിലാക്കിക്കൊടുക്കാൻ വളരെ യുക്തി വേണം.

ദിവസങ്ങൾ കഴിയുന്തോറും നിങ്ങൾക്ക് ഉന്നതി ഉണ്ടായിക്കൊണ്ടേയിരിക്കും. കാരണം ആഴമേറിയ ജ്ഞാനം ലഭിച്ചിരിക്കുന്നു. മനസ്സിലാക്കിക്കൊടുക്കേണ്ടത് കേവലം അല്ലാഹുവിന്റെ കാര്യം. അല്ലാഹുവിനെ മറന്നാൽ അനാഥരാകും, ദുഖിയാകും. ഒന്നിലൂടെ, ഒന്നിനെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ 21 ജന്മത്തിലേക്ക് സുഖിയായി മാറും. ഇതാണ് ജ്ഞാനം. അവരുടേത് അജ്ഞാനമാണ് സർവ്വവ്യാപിയെന്ന് പറയുന്നത്. ബാബ പിതാവാണ്. ബാബ പറയുന്നു നിങ്ങളുടെ ഉള്ളിലെ ഭൂതമാണ് സർവ്വവ്യാപി. 5 വികാരങ്ങളാകുന്ന രാവണനാണ് സർവ്വവ്യാപി. ഈ കാര്യം മനസ്സിലാക്കിക്കൊടുക്കണം. നാം ഈശ്വരന്റെ മടിത്തട്ടിലാണ്. ഈ ഉയർന്ന ലഹരിയിലിരിക്കണം. ഭാവിയിൽ ദേവതകളുടെ മടിത്തട്ടിലിരിക്കും. അവിടെ സദാ സുഖമാണ്. ശിവബാബ നമ്മളെ ദത്തെടുത്തിരിക്കുകയാണ്. ബാബയെ ഓർമ്മിക്കണം. തന്റേയും മറ്റുള്ളവരുടേയും നന്മ ചെയ്യണം. എങ്കിൽ രാജപദവി ലഭിക്കും. ഇത് മനസ്സിലാക്കുന്നത് വളരെ വലിയ കാര്യമാണ്. ശിവബാബയും നിരാകാരനാണ് നമ്മൾ ആത്മാക്കളും നിരാകാരമാണ്. അവിടെ നാം അശരീരിയായിട്ടാണ് വസിക്കുന്നത്. ബാബ സദാ അശരീരി തന്നെയാണ് ബാബ ഒരിക്കലും ശരീരമാകുന്ന വസ്ത്രം ധരിച്ച് പുനർജന്മമെടുക്കുന്നില്ല. ബാബ ഒരു പ്രാവശ്യം പുനരവതരിക്കുന്നു. ആദ്യമാദ്യം ബ്രാഹ്മണരെ രചിക്കുന്നു, അവരെ തന്റേതാക്കി മാറ്റി പേര് വെക്കുന്നു. ബ്രഹ്മാവില്ലായെങ്കിൽ എവിടെനിന്ന് ബ്രാഹ്മണൻ വരാനാണ്? ഇതേ ബ്രഹ്മാവാണ് 84 ജന്മങ്ങളെടുത്തത്. വെളുപ്പിൽ നിന്ന് കറുത്തും, സുന്ദരനിൽനിന്ന് ശ്യാമനും, ശ്യാമനിൽ നിന്ന് വീണ്ടും സുന്ദരനുമായി മാറുന്നു. ഭാരതത്തിനും ശ്യാമസുന്ദരനെന്ന പേര് വെക്കാവുന്നതാണ്. ഭാരതത്തെതന്നെയാണ് ശ്യാം എന്നും ഭാരതത്തെത്തന്നെയാണ് ഗോൾഡൻ ഏജ് സുന്ദരനെന്നും പറയുന്നത്. ഭാരതം തന്നെയാണ് കാമചിതയിലിരുന്ന് കറുത്തുപോകുന്നത്, ഭാരതം തന്നെയാണ് ജ്ഞാനചിതയിലിരുന്ന് വീണ്ടും വെളുത്തതായി മാറുന്നത്. ഭാരതത്തിനാണ് പരിശ്രമിക്കേണ്ടിവരുന്നത്. ഭാരതവാസികൾ പിന്നെമറ്റു ധർമ്മങ്ങളിലേക്ക് മാറിപ്പോകുന്നു. യൂരോപ്യരും ഇന്ത്യക്കാരും തമ്മിൽ വ്യത്യാസമൊന്നും കാണപ്പെടില്ല. അവിടെ പോയി വിവാഹം കഴിച്ചാൽ പിന്നെ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെടുന്നു. അവർക്ക് ജനിക്കുന്ന കുട്ടികൾക്കും അവരെപ്പോലെ മുഖമുണ്ടാകും. ആഫ്രിക്കയിൽനിന്നു പോലും വിവാഹം കഴിക്കും.

ഇപ്പോൾ ബാബ വിശാലബുദ്ധി നൽകുകയാണ്, ചക്രത്തെ മനസ്സിലാക്കാൻ. ഇതും എഴുതിവച്ചിട്ടുണ്ട് വിനാശകാലേ വിപരീതബുദ്ധി. യാദവർക്കും കൗരവർക്കും പ്രീതബുദ്ധിയില്ല. ആർക്ക് പ്രീതബുദ്ധിയുണ്ടായോ അവർക്ക് വിജയം ലഭിച്ചു. വിപരീതബുദ്ധിയുള്ളവർ ശത്രുവെന്ന് പറയും. ബാബ പറയുന്നു ഈ സമയത്ത് എല്ലാവരും പരസ്പരം ശത്രുക്കളാണ്. ബാബയെപ്പോലും സർവ്വവ്യാപിയെന്ന് പറഞ്ഞ് ഗ്ലാനി ചെയ്യുന്നു. പിന്നെ പറയും ജനനമരണരഹിതനെന്ന്. നാമവും രൂപവുമില്ലെന്ന് പറയും. പിന്നെ ഗോഡ്ഫാദറെന്ന് പറഞ്ഞ് വിളിക്കുകയും ചെയ്യും. സാക്ഷാത്കാരവും കിട്ടുന്നുണ്ട് ആത്മാവിന്റേയും പരമാത്മാവിന്റേയും. അതിൽ പരമാത്മാവിന്റെ വ്യത്യാസമൊന്നും ഉണ്ടായിരിക്കില്ല. മനുഷ്യൻ മനുഷ്യൻ തന്നെയാണ്. പദവിക്ക് വ്യത്യാസമുണ്ടാകും. അത് ബുദ്ധിയുടെ വ്യത്യാസമാണ്. ജ്ഞാനസാഗരൻ നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്, അതിനാൽ നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുന്നു, അന്തിമത്തിലാണ് അവസ്ഥ നല്ലതാവുക. അമൃതവേളയിൽ ഓർമ്മിച്ച് ഓർമ്മിച്ച് സുഖം അനുഭവിക്കൂ, എഴുന്നേറ്റിരിക്കൂ. പക്ഷേ ഉറങ്ങരുത്. തന്നെ ബലം

പ്രയോഗിച്ച് എഴുന്നേൽപ്പിക്കൂ. പരിശ്രമമുണ്ട്. വൈദ്യൻമാർ പോലും അതിരാവിലത്തേക്കായി മരുന്നു നൽകാറുണ്ട്. ഇതും മരുന്നാണ്. രചയിതാവായ ബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിച്ച് പഠിപ്പിക്കുയാണ്. ഈ കാര്യം എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം. ശരി.
വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) നാം ഈശ്വരന്റെ മടിത്തട്ടെടുത്തിരിക്കുകയാണ്, പിന്നെ ദേവതകളുടെ മടിത്തട്ടിലേക്ക് പോകും, ഈ ആത്മീയ ലഹരിയിലിരിക്കണം. തന്റേയും മറ്റുള്ളവരുടേയും നന്മ ചെയ്യണം.

2) അമൃതവേളയിലെഴുന്നേറ്റ് ജ്ഞാനസാഗരന്റെ ജ്ഞാനമനനം ചെയ്യണം. ഒരേഒരു അവ്യഭിചാരി ഓർമ്മയിലിരിക്കണം. ദേഹാഭിമാനം ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യണം.

### വരദാനം - അമൃതവേള മുതൽ രാത്രി വരെ ഓർമയുടെ വിധിപൂർവമായ കർമം ചെയ്യുന്ന സിദ്ധിസ്വരൂപരായി ഭവിക്കട്ടെ.

അമൃതവേള മുതൽ രാത്രി വരെ എന്തു കർമം ചെയ്താലും ഓർമയുടെ വിധിപൂർവം ചെയ്യൂ എങ്കിൽ ഓരോ കർമത്തിന്റെയും സിദ്ധി ലഭിക്കും. ഏറ്റവും വലുതിലും വലിയ സിദ്ധിയാണ്- പ്രത്യക്ഷഫലത്തിന്റെ രൂപത്തിൽ അതീന്ദ്രിയസുഖത്തിന്റെ അനുഭൂതിയുണ്ടാകുക. സദാ സുഖത്തിന്റെ അലകളിൽ, സന്തോഷത്തിന്റെ അലകളിൽ അലയടിച്ചുകൊണ്ടിരിക്കും, അപ്പോൾ ഈ പ്രത്യക്ഷഫലവും ലഭിക്കുന്നു പിന്നീട് ഭാവി ഫലവും ലഭിക്കുന്നു. ഈ സമയത്തെ പ്രത്യക്ഷഫലം അനേക ഭാവി ജന്മങ്ങളുടെ ഫലത്തെക്കാൾ ശ്രേഷ്ഠമാണ് . ഇപ്പോഴിപ്പോൾ ചെയ്തു, ഇപ്പോഴിപ്പോൾ ലഭിച്ചു- ഇതിനെയാണ് പറയുന്നത് പ്രത്യക്ഷഫലം.

### സ്ലോഗൻ - സ്വയം നിമിത്തമെന്നു മനസിലാക്കി ഓരോ കർമവും ചെയ്യൂ, എങ്കിൽ വേറിട്ട സ്നേഹിയായിരിക്കും, ഞാനെന്ന ഭാവം വരിക സാധ്യമല്ല